# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## പരിസരപഠനം

**ക്ലാസ്സ് - 4** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

കുട്ടിയുടെ പേര് ....................................................................

വിദ്യാലയത്തിന്റെ പേര് ....................................................................

ഡിവിഷൻ ....................................................................

അധ്യാപകന്റെ ഒപ്പ് ....................................................................

രക്ഷിതാവിന്റെ ഒപ്പ് ....................................................................


| നമ്പർ | പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 A | സസ്യങ്ങൾ പലവിധം | |
| 1 B | അതിജീവനവും ജീവികളും | |
| 2 | ഭൂമിയുടെ സംരക്ഷണം | |
| 3 | സ്വതന്ത്ര ഭാരതഭൂമി | |
| 4 | സ്വാതന്ത്ര്യം സമരങ്ങളിലൂടെ | |
| 5 A | ഇന്ത്യയുടെ ഭൂപ്രകൃതി | |
| 5 B | പറക്കും കൂട്ടുകാർ | |
| | ആകെ | |


### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **5** പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതണം. പ്രവർത്തനങ്ങളിലെ ഉപപ്രവർത്തനങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **1, 5** എന്നീ പ്രവർത്തനങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള പ്രവർത്തനങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

### പ്രവർത്തനം 1(A) സസ്യങ്ങൾ പലവിധം


a) വ്യത്യസ്തതരം സസ്യങ്ങളുടെ ചിത്രങ്ങൾ ഒട്ടിച്ച് പതിപ്പ് നിർമ്മിക്കുകയാണ് വിനുവും കൂട്ടുകാരും. ഇവ എവിടെ കാണപ്പെടുന്നു എന്നതിനനുസരിച്ച് ചിത്രത്തിനുള്ളിൽ നൽകിയിരിക്കുന്ന വൃത്തത്തിന് നിറം നൽകുക. മരുരൂഹങ്ങൾക്ക് ചുവപ്പ് നിറവും ജലസസ്യങ്ങൾക്ക് നീല നിറവും നൽകണം.







© State Assessment Cell - SCERT Kerala

b) മത്സ്യങ്ങൾക്ക് ജലത്തിലൂടെ സഞ്ചരിക്കുന്നതിന് അനുയോജ്യമായ ശരീരഘടനയാണുള്ളത്.

താഴെ പറയുന്നവയിൽ നിന്ന് മത്സ്യത്തിന്റെ സഞ്ചാരവുമായി ബന്ധപ്പെട്ട് ശരിയായത് തിരഞ്ഞെടുക്കുക.

i. മത്സ്യങ്ങളുടെ ആകൃതി, വാൽച്ചിറക്

ii. ചെകിളപ്പൂക്കൾ, നിറം

iii. കടൽ വെള്ളം, പുഴവെള്ളം

iv. വഴുവഴുപ്പുള്ള ശരീരം, ചിറകുകൾ

**A.** i മാത്രം

**B.** i ഉം, iv ഉം

**C.** ii ഉം, iii ഉം

**D.** iv മാത്രം

c) കൂട്ടത്തിൽ പെടാത്തതിനെ കണ്ടെത്തി എഴുതൂ.

**A.** വനം

**B.** കുളം

**C.** കടൽ



**D.** മരുഭൂമി

© State Assessment Cell - SCERT Kerala

**അല്ലെങ്കിൽ**

## പ്രവർത്തനം 1 (B) അതിജീവനവും ജീവികളും

a) വ്യത്യസ്തതരം ജീവികൾക്ക് അവയുടെ സാഹചര്യങ്ങളിൽ ജീവിക്കുന്നതിന് അനുയോജ്യമായ ശരീരഘടനയുണ്ട്. താഴെ നൽകിയിരിക്കുന്ന ജീവികൾക്ക് അവ ജീവിക്കുന്ന ഇടങ്ങളിൽ അനുയോജ്യമായ ശാരീരികസവിശേഷതകൾ എന്തെല്ലാമെന്ന് എഴുതുക ?

| | |
|---|---|
|  | |
|  | |

b) താഴെത്തന്നിരിക്കുന്ന രണ്ട് ചിത്രങ്ങളിലെയും സന്ദർഭം ശ്രദ്ധിക്കുക. കുന്നുകൾ ഇടിച്ചുനിരത്തുകയും വയലുകൾ മണ്ണിട്ടുനികത്തുകയും ചെയ്യുന്നതു കൊണ്ടുണ്ടാകാവുന്ന ദോഷങ്ങൾ എന്തൊക്കെയാണ്? എഴുതുക.

| | |
|---|---|
|  | |
|  | |

© State Assessment Cell - SCERT Kerala

c) ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന മുദ്രാവാക്യങ്ങളിൽ ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുത്ത് എഴുതുക

**A.** "വൈവിധ്യം ആഘോഷിക്കൂ, വന്യജീവികളെ സംരക്ഷിക്കൂ"

**B.** "വനങ്ങളെ സംരക്ഷിക്കൂ, ജീവൻ നിലനിർത്തൂ"

**C.** "ആവാസവ്യവസ്ഥ വിവിധ ജീവീയ അജീവിയഘടകങ്ങളുടെ സംയോജനമാണ്"

**D.** "പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ ആവാസവ്യവസ്ഥകൾ ഉണ്ട്"

**പ്രവർത്തനം 2 - (ഭൂമിയുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വം)**

a) മണ്ണ് മലിനീകരണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

| മണ്ണ് മലിനമാക്കുന്ന സന്ദർഭങ്ങൾ | മണ്ണ് മലിനീകരണം ബാധിക്കപ്പെടുന്ന ജീവികൾ | ആവാസവ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ |
|---|---|---|
| അമിതമായ കീടനാശിനി പ്രയോഗം | മണ്ണിര | വിവിധതരം ജീവികൾ ഇല്ലാതാകുന്നു. |
| ........................... | ........................... | ........................... |
| ........................... | ........................... | ........................... |
| ........................... | ........................... | ........................... |

© State Assessment Cell - SCERT Kerala

b) താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ പരിശോധിച്ച് അവ ഏത് മലിനീകരണവുമായി ബന്ധപ്പെട്ടതെന്ന് എഴുതുക.

| | |
|---|---|
|  | |
|  | |

**പ്രവർത്തനം 3 (സ്വതന്ത്രഭാരതഭൂമി)**

ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും പട്ട്, പരുത്തി തുടങ്ങിയ തുണിത്തരങ്ങളും വാങ്ങുന്നതിനായാണ് വിദേശികൾ ആദ്യമായി ഇന്ത്യയിൽ എത്തിയത്. പതിയെ പതിയെ അവർ നാട്ടുരാജാക്കൻമാരിൽ നിന്ന് പ്രത്യേക ആനുകൂല്യങ്ങൾ നേടിയെടുത്ത് വ്യവസായശാലകൾ ആരംഭിച്ചു. ഇന്ത്യയിലെ വിവിധ പ്രദേശങ്ങൾ ഭരിച്ചിരുന്നത് നാട്ടുരാജാക്കൻമാരായിരുന്നു. അവർ പരസ്പരം പോരടിച്ചുനിന്നത് ബ്രിട്ടീഷുകാർക്ക് കാര്യങ്ങൾ എളുപ്പമാക്കി. ക്രമേണ കൃഷിയും കച്ചവടവും രാജാക്കൻമാരും അവരുടെ നിയന്ത്രണത്തിലായി. പീരങ്കി, തോക്ക് തുടങ്ങി മെച്ചപ്പെട്ട ആയുധങ്ങളും യുദ്ധതന്ത്രങ്ങളും ഉപയോഗിച്ച് നാട്ടുകാരെയും നാട്ടുരാജാക്കൻമാരെയും വരുതിയിലാക്കി. കാലങ്ങൾകൊണ്ട് ഇന്ത്യയുടെ മുഴുവൻ പ്രദേശങ്ങളിലും ബ്രിട്ടീഷുകാർ ആധിപത്യം നേടി. പിന്നീടുള്ള ഇരുന്നൂറോളം വർഷം ഇന്ത്യ ബ്രിട്ടീഷ് അധീനതയിലായിരുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന കുറിപ്പ് വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

© State Assessment Cell - SCERT Kerala

a) വിദേശികൾ ഇന്ത്യയിൽ എത്തിയതിന്റെ പ്രധാന ഉദ്ദേശ്യം എന്തായിരുന്നു?

**A.** യുദ്ധം ചെയ്യാൻ

**B.** നാട്ടുരാജാക്കൻമാരുമായി ചേർന്ന് കച്ചവടം ചെയ്യാൻ

**C.** സുഗന്ധദ്രവ്യങ്ങളും തുണിത്തരങ്ങളും വാങ്ങുന്നതിന്

**D.** വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ

b) ബ്രിട്ടീഷുകാർ ഇന്ത്യയിലേക്കു വന്ന സമയത്ത് ഇന്ത്യ നാട്ടുരാജ്യങ്ങളായി ഭിന്നിച്ച് കഴിയുകയായിരുന്നു.

ശരിയോ തെറ്റോ എന്നെഴുതുക.

c) ബ്രിട്ടീഷുകാർക്ക് എളുപ്പത്തിൽ ഇന്ത്യയെ അവരുടെ നിയന്ത്രണത്തിലാക്കാൻ കഴിഞ്ഞത് എന്തുകൊണ്ട്?

d) ബ്രിട്ടീഷുകാർ ഇന്ത്യയെ അവരുടെ അധീനതയിൽ നിലനിർത്തിയത് ഏകദേശം എത്ര കാലമാണ്?

**A.** ഒരു നൂറ്റാണ്ട്

**B.** രണ്ട് നൂറ്റാണ്ട്

**C.** മൂന്ന് നൂറ്റാണ്ട്

**D.** ഒന്നര നൂറ്റാണ്ട്

© State Assessment Cell - SCERT Kerala

**പ്രവർത്തനം 4 (സ്വാതന്ത്ര്യം സമരങ്ങളിലൂടെ)**

a) ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഏറ്റവും മഹത്തരമായ സമരങ്ങളാണ് ഉപ്പു സത്യഗ്രഹവും ക്വിറ്റ് ഇന്ത്യാ സമരവും. ഈ രണ്ട് സമരങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

| ഉപ്പുസത്യഗ്രഹം | ക്വിറ്റ് ഇന്ത്യാസമരം |
|---|---|
| | |

b) അതിർത്തി ഗാന്ധി എന്നറിപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി ആര്?

**A.** സുഭാഷ് ചന്ദ്രബോസ്

**B.** കെ.കേളപ്പൻ

**C.** സർദാർ വല്ലഭായ് പട്ടേൽ

**D.** ഖാൻ അബ്ദുൾ ഗാഫർ ഖാൻ

© State Assessment Cell - SCERT Kerala

## പ്രവർത്തനം 5 (A) (ഇന്ത്യയുടെ ഭൂപ്രകൃതി)




ഭൂപടം നിരീക്ഷിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തി എഴുതുക.

a) അഞ്ച് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന രണ്ട് സംസ്ഥാനങ്ങൾ. ഏതെല്ലാം?

b) ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം ഏത്?

© State Assessment Cell - SCERT Kerala

c) കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കാണപ്പെടുന്ന കടൽ ഏത്?

d) ബംഗാൾ ഉൾക്കടലുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിൽ പശ്ചിമ ബംഗാൾ, ആന്ധ്രാപ്രദേശ് എന്നിവയെക്കൂടാതെ മറ്റൊരു സംസ്ഥാനം കൂടി കണ്ടെത്തി എഴുതുക.

e) കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾ ഏതെല്ലാം?

**അല്ലെങ്കിൽ**

**പ്രവർത്തനം 5(B) (പറക്കും കൂട്ടുകാർ)**

a) റീന തന്റെ വീടിന്റെ പരിസരത്ത് സ്ഥിരമായി കാണപ്പെടുന്ന വിവിധതരം പക്ഷികളെ നിരീക്ഷിച്ച്, കണ്ടെത്തിയ വിവരങ്ങളാണ് നൽകിയിരിക്കുന്നത്.

© State Assessment Cell - SCERT Kerala

ഓരോന്നും പരിശോധിച്ച് അനുയോജ്യമായ പക്ഷിയുടെ നേരെ വരച്ചു യോജിപ്പിക്കുക.

| | |
|---|---|
| ഉയരത്തിൽ പറക്കുന്നു, കൂർത്ത നഖങ്ങൾ, മൂർച്ചയുള്ള ചുണ്ടുകൾ, ഇരയെ റാഞ്ചി പിടിക്കുന്നു. | പൊൻമാൻ |
| കറുത്ത നിറം, കൂട്ടമായി സഞ്ചരിക്കുന്നു. പരിസരം വൃത്തിയാക്കുന്നു. | മരംകൊത്തി |
| ചെറിയ ശരീരം, നീണ്ട ചുണ്ടുകൾ, വേഗത്തിൽ പറക്കുന്നു, പുഴയിൽ നിന്നും കുളത്തിൽ നിന്നും മത്സ്യങ്ങളെ പിടിക്കുന്നു. | കാക്ക |
| ഇടത്തരം വലുപ്പം, തലയിൽ തൊപ്പിപോലുള്ള ഭാഗം, ശക്തിയുള്ള കൂർത്ത നഖങ്ങൾ. | പരുന്ത് |

b) ജലത്തിന്റെ സാന്നിധ്യമുള്ളയിടത്ത് ഇരതേടുന്ന പക്ഷി ഏത്?

**A.** പരുന്ത്

**B.** തത്ത

**C.** കൊക്ക്

**D.** മൈന

© State Assessment Cell - SCERT Kerala

c) താഴെ കൊടുത്തിരിക്കുന്നതിൽ തെറ്റായ പ്രസ്താവന ഏതെന്ന് തിരഞ്ഞെടുത്ത് എഴുതുക.

**A.** എല്ലാ പക്ഷികളുടെയും ശരീരഘടന ഒരുപോലെയാണ്

**B.** ആഹാരസമ്പാദനരീതിയും പക്ഷികളുടെ ശരീരഘടനയുമായി ബന്ധമുണ്ട്

**C.** ചില പക്ഷികൾക്ക് നീണ്ടുകൂർത്ത ചുണ്ടുകളും നീണ്ടകാലുകളുമുണ്ട്

**D.** ജലമുള്ള സ്ഥലങ്ങളിൽ കാണപ്പെടുന്ന പക്ഷികൾക്ക് എണ്ണമയമുള്ള തൂവലുകൾ ഉണ്ടായിരിക്കും

© State Assessment Cell - SCERT Kerala